## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3416 08.11.2019 ൽ മറുപടിക്ക്

## തെരുവ് നായ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ അക്രമം വർദ്ധിച്ചുവരുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടും സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗതയാണ് പുലർത്തുന്നത് എന്ന ആക്ഷേപം വസ്തുതാപരമാണോ; | അല്ല, തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ മൃഗ സംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തുന്ന എബിസി പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തുടർന്നു വരുന്നുണ്ട്. |
| ബി | മലപ്പുറം വണ്ടൂരിൽ നഴ്സറി സ്കൂളിൽ കയറി തെരുവുനായ കടിച്ച് നാല് വയസ്സുകാരന് ഗുരുതര പരിക്ക് പറ്റിയ സംഭവവും കോഴിക്കോട് ഒളവണ്ണയിൽ വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന രണ്ടര വയസ്സുകാരനെ തെരുവ് നായ്ക്കൂട്ടം കടിച്ചുകൊണ്ടുപോയ സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി | തെരുവു നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാം തികഞ്ഞ പരാജയമായിട്ടും സർക്കാർ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ? | എബിസി പ്രോഗ്രാം കുടുംബശ്രീയുടെ പങ്കാളിത്തത്തോടുകൂടി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ളതാണ്. എബിസി പ്രോഗ്രാം നടപ്പിലാക്കുക വഴി തെരുവുനായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുള്ളതാണ്.<br><br>തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ, കുടുംബശ്രീ മിഷനെ പദ്ധതി ഏജൻസിയായി അംഗീകരിച്ച് |

| | | |
|---|---|---|
| | | പദ്ധതിക്കായി തുക കൈമാറുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കുടുംബശ്രീ നേരിട്ട് എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നത്.2017 ജൂൺ മുതൽ 2019 ഒക്ടോബർ വരെ 43834 തെരുവുനായ്ക്കളെ കുടുംബശ്രീയുടെ നേതൃത്വത്തിൽ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ